# "ഹം സബ് ഏക് ഹെ"

## നർമ്മദാ ഡയറി

(കഴിഞ്ഞ ലക്കം തുടർച്ച)

8 മണിയോടെ ഒട്ടേറെ ഗ്രാമീണരോടൊപ്പം ജൽസന്ധി ഗ്രാമത്തിലേക്ക് ബോട്ടിൽ യാത്ര. അവിടെയാണ് ദീദിയുടെ നേതൃത്വത്തിൽ സത്യാഗ്രഹം നടക്കുന്നത്. ബോട്ട് എൻ.ബി.എ. യുടേതാണ്. ബുക്കർ സമ്മാനം കിട്ടിയപ്പോൾ അരുന്ധതിറോയി ബോട്ട് വാങ്ങുവാൻ സഹായിച്ചുവത്രേ.

2001 മൺസൂൺ സത്യാഗ്രഹം അന്നേ ദിവസം അവസാനിക്കുകയാണ്. ബഡ്‌വാനിയിലെത്തിയാൽ ബാബാ ആംതെയെ കാണാമെന്നും, ഒരു ദിവസം അദ്ദേഹത്തിന്റെ ആശ്രമത്തിൽ തങ്ങാമെന്നും സാർ പറഞ്ഞിരുന്നു. ആ ദിവസത്തെ കുറിച്ചും ഞങ്ങൾ സ്വപ്നങ്ങൾ നെയ്തുതായിരുന്നു. നിർഭാഗ്യകരമെന്നു പറയട്ടെ ഞങ്ങൾ ബഡ്‌വാനിയിലെത്തിയ ദിവസം കാലത്തു ബാബാ ആംതെ അദ്ദേഹത്തിന്റെ ഗ്രാമത്തിലേയ്ക്ക് പോകുവാനായി ബോംബെക്ക് പോയി.

അര മണിക്കൂർ ബോട്ടുയാത്ര. കലങ്ങി മറിഞ്ഞ വെള്ളം, ഒരു വൃത്തിയുമില്ല. ഇതാണോ നർമ്മദ? ഇതാണോ ദേവിയെപ്പോലെ ആരാധിക്കുന്ന, ആദരിക്കുന്ന നർമ്മദ? ചിന്തകൾ കാടുകയറി. ആരോടും ചോദിച്ചില്ല ദീദിയോടു ചോദിക്കാം. ബോട്ടു കരയോടടുക്കുന്നു. കുറെ ആളുകൾ ഓടിയടുക്കുന്നു. കൂട്ടത്തിൽ ദീദിയുമുണ്ട്. ബോട്ടിൽ നിന്ന് ചാടിയിറങ്ങുവാൻ അക്ഷമരായി എല്ലാവരും എഴുന്നേൽക്കുന്നു. അതാ കൈകളുയർത്തി അത്യുച്ചത്തിൽ ദീദി വിളിക്കുന്നു - "ഹസൈൻ". ഞങ്ങൾ അൽഭുതപ്പെട്ടു. ഒരിക്കൽ മാത്രം കണ്ടിട്ടുള്ള ഞങ്ങളുടെ സാറിനെ ദീദി തിരിച്ചറിഞ്ഞിരിക്കുന്നു. ലോകപ്രശസ്തയായ വ്യക്തിയുടെ നാട്യങ്ങളില്ലാതെ അവർ ഞങ്ങൾക്ക് സ്വാഗതമേകി.

"വരിക വരിക സഹജരെ, സഹന സമര സമയമായ് ", അതിമനോഹരമായി ദീദി പാടിത്തുടങ്ങി. കോരിത്തരിപ്പോടെ ഞങ്ങൾ ഏറ്റുപാടി. ആവേശത്തോടെ 6-ാം ക്ലാസ്സിൽ പഠിക്കുന്ന സനാ സത്താർ നർമ്മദാ ബച്ചാവോ എന്ന് ഏറ്റുപറഞ്ഞു. അതിലേറെ ആവേശത്തോടെ ഞങ്ങൾ മാനവ് ബച്ചാവോ എന്ന് ഏറ്റുപറഞ്ഞു. 7-ാം ക്ലാസിൽ പഠിക്കുന്ന ജഹാസ് കൈകളുയർത്തി ഹം സബ് ആവേശത്തോടെ ഞങ്ങളും - ഏക് ഹെ. പിന്നെ ആവേശമായിരുന്നു. റൈസയും അനുപം ഞങ്ങളെല്ലാവരും കൂടി അമു അക്കാ ഏക് സെ, പെപ്സി നഹി പാനി ചാഹിയെ, തുടങ്ങിയ മുദ്രാവാക്യങ്ങൾ ഏറ്റുപറഞ്ഞു.

ഞങ്ങളെ കെട്ടിപ്പിടിച്ചും, ഓമനിച്ചും, തലോടിയും ആഹ്ലാദത്തോടെ ദീദി സത്യാഗ്രഹ പന്തലിലേയ്ക്കാനയിച്ചു. ഞങ്ങളെ ഗോത്രാചാരപ്രകാരം അവിടുത്തെ പ്രധാന കാർഷിക വിളയായ ചോളം നൽകി ഗ്രാമ മുഖ്യൻ സ്വീകരിച്ചു റൈസക്കിനാണ് ഞങ്ങളെ പ്രതിനിധീകരിക്കാനുള്ള ഭാഗ്യം ലഭിച്ചത്.

സത്യാഗ്രഹ പന്തലിൽ ചിലവഴിച്ച ആറു മണിക്കൂർ സമയം, കണ്ട കാഴ്ചകൾ വിസ്മയകരമായിരുന്നു. വിവിധ ഗോത്രങ്ങളിൽ നിന്നും ഗ്രാമങ്ങളിൽനിന്നും ആയിരക്കണക്കിനു പ്രതിനിധികളാൽ തിങ്ങിനിറഞ്ഞ സത്യാഗ്രഹ പന്തലിൽ അവരെ പ്രതിനിധീകരിച്ച് സംസാരിച്ച സ്ത്രീ പുരുഷൻമാരുടെ മുഖത്തുകണ്ട നിശ്ചയദാർഢ്യം, നിർഭയത്വം, കാര്യങ്ങൾ വിശദീകരിക്കുവാനുള്ള കഴിവ് എല്ലാം ആദിവാസിസഹോദരരെക്കുറിച്ചുള്ള മുൻവിധികൾക്കപ്പുറമായിരുന്നു. ഇവിടെ പ്രകാശം ചൊരിഞ്ഞുകൊണ്ട് ദീദി നിൽക്കുന്നത് ഞങ്ങൾ ആദരവോടെ നോക്കിക്കണ്ടു.

സത്യാഗ്രഹത്തിന് അഭിവാദനങ്ങൾ അർപ്പിച്ചുകൊണ്ട് ഞങ്ങൾ ഒറ്റയ്ക്കും ആദിവാസി സഹോദരങ്ങളുമൊത്തും പാട്ടുപാടി. ഏകദേശം ആറര മണിയോടുകൂടി ആഗോളവൽക്കരണത്തിന്റെയും ചൂഷണത്തിന്റെയും പ്രതീകമായ കോലം കത്തിച്ചുകൊണ്ടു 2001 സത്യാഗ്രഹം സമാപിച്ചതായി പ്രഖ്യാപിച്ചു.

ദീദിയും ഞങ്ങളും മറ്റനേകം ആദിവാസി സഹോദരങ്ങളും ഓക്സ്‌ഫോർഡ് യൂണിവേഴ്സിറ്റി വിദ്യാർത്ഥികളായ എഡ്‌വേർഡും, യുവാങ്ങും കൂടി ഡോംഖടിയിലേയ്ക്ക് ബോട്ടിൽ. അവിടെയും സത്യാഗ്രഹത്തിന്റെ സമാപനചടങ്ങുകൾ. വിശദീകരണങ്ങൾ, പാട്ടും - നൃത്തവുമെല്ലാം. പുത്തൻ അനുഭവങ്ങൾ. ഔപചാരികതയുടെ, കാപട്യത്തിന്റെ മുഖംമൂടികളില്ലാതെ - മനസ്സിന്റെ ഉള്ളിൽ തട്ടിയുള്ള പ്രവർത്തനശൈലി. വീണ്ടും ജൽസന്ധിയിലേക്ക് മടക്കയാത്ര. ഗോതമ്പു പുഴുങ്ങിയതും പരിപ്പും കൂട്ടി രാത്രി ഭക്ഷണം. ചില്ലിയും, നൂഡിൽസും കഴിച്ച സ്വപ്നലോകത്ത് കറങ്ങിനടക്കുന്ന ഞങ്ങൾ യഥാർത്ഥ മനുഷ്യരെ കണ്ടുമുട്ടിയ സന്ദർഭങ്ങൾ.

രാത്രി 10 മണിയോടുകൂടി ഗുജറാത്തിലുള്ള നീഗാവനിലെ ജീവൻ ശാലയിലേയ്ക്ക്. മുഖ്യധാരയിൽ നിന്നുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾക്കു വേണ്ടി ശ്രമിക്കുന്ന സൽസബീൽ സ്കൂളിന്റെ നൻമകൾ അനുഭവിച്ചറിയുന്ന ഞങ്ങൾക്ക് നർമ്മദ ബച്ചാവോ ആന്തോളന്റെ കീഴിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന ജീവൻ ശാലയിലെ കുട്ടികളെ കാണുവാനും അവരുടെ പഠനരീതികൾ കണ്ടറിയുവാനും തിടുക്കമായിരുന്നു. ബോട്ടിറങ്ങി ദുർഘടമായ കുന്നുകൾ കയറി നിറുകയിലുള്ള ജീവൻ ശാലയിലെത്തുമ്പോൾ സമയം അർദ്ധരാത്രിയോടടുത്തിരുന്നു. കുട്ടികളെല്ലാം നല്ല ഉറക്കം. ഞങ്ങളെല്ലാവരും പുറത്ത് ടാർപാളിൻ വിരിച്ച് കിടന്നുറങ്ങി.

പിറ്റേന്ന് വൈകുന്നേരം വരെ അവിടെ കുട്ടികളോടൊപ്പം അനുഭവങ്ങൾ പങ്കിട്ടും അരുവിയിൽ കുളിച്ചും സമയം ചിലവഴിച്ചു. മൂന്നു മണിയോടെ ജൽസന്ധിയിലേയ്ക്ക് ബോട്ടിൽ മടങ്ങി.

ഞങ്ങൾക്കു മാത്രമായി മറ്റെല്ലാ തിരക്കുകളിൽ നിന്നും മാറി ദീദി മൂന്നു മണിക്കൂർ ചിലവഴിച്ചു. കേരളത്തിൽനിന്നെത്തിയ ഞങ്ങളോട് ദീദി കാണിച്ച സ്നേഹാദരവുകൾ, ദൈവമേ ! ഞങ്ങളേയും ദീദിയെപ്പോലെ ആക്കണമെന്ന് ഞങ്ങളിൽ പലരും പ്രാർത്ഥിച്ചുപോയ സന്ദർഭം. രാത്രി വളരെ വൈകി ഞങ്ങൾ മടക്കയാത്രയ്ക്കു ഒരുക്കങ്ങൾ തുടങ്ങി.

(ശേഷം അടുത്ത ലക്കം)